പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 108 — 30.01.2018 ൽ മറുപടിക്ക്

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>" റോജി എം. ജോൺ<br>" ഹൈബി ഈഡൻ<br>" വി.എസ്.ശിവകുമാർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 51:49 എന്ന ഓഹരി അനുപാതത്തിൽ ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കുന്നതിനുള്ള കരാർ 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽ വച്ച് ഒപ്പ് വയ്ക്കുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ 2017 ജനുവരി 3-ാം തീയതി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്. 2016 ൽ റെയിൽ മന്ത്രാലയം എടുത്ത തീരുമാനം അനുസരിച്ച് അതതു സംസ്ഥാനത്തിന്റെ എല്ലാ പുതിയ പ്രൊപ്പോസലുകളും രൂപകല്പന ചെയ്യുന്നതും നടപ്പാക്കുന്നതും സംസ്ഥാന സംയുക്ത സംരംഭക കമ്പനി മുഖേനയായിരിക്കണം. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളും സാങ്കേതികമായ സാധ്യതയുള്ള പ്രോപ്പോസലുകളും റെയിൽവേ മന്ത്രാലയം പരിശോധിച്ച് അതു പ്രാവർത്തികമാക്കാൻ അനുമതി നൽകുന്നതാണ്. സംയുക്ത സംരംഭക കമ്പനിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:<br>1. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള സാധ്യതയുള്ള പ്രോജക്ടുകൾ കണ്ടു പിടിക്കുക<br>2. സാധ്യതാ റിപ്പോർട്ടുകൾ, സാമ്പത്തിക വരുമാന സാധ്യത, വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്.<br>3. റെയിൽവേ ബോർഡിൽ നിന്നും പ്രാരംഭ അനുമതി കിട്ടാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ<br>4. റെയിൽവേ ബോർഡിൽ നിന്നും അനുമതി വാങ്ങാൻ വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകളും മറ്റും തയ്യാറാക്കുക<br>5. അനുമതി കിട്ടിയ പ്രോജക്ടുകളുടെ നടത്തിപ്പിനു വേണ്ടിയുള്ള പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗത്തിന്റെ രൂപീകരണം.<br>6. കമ്മീഷൻ ചെയ്ത പ്രോജക്ടുകളുടെ മെയിന്റനൻസ്<br><br>സംയുക്ത സംരംഭക കമ്പനിക്ക് ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായ |

വയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യ വിഭാഗം (SPV) പദ്ധതി നടപ്പിലാക്കുവാനായി രൂപീകരിക്കാവുന്നതാണ്.

(ബി) റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(ബി) സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്)
4. എരുമേലി- പുനലൂർ ബ്രോഡ് ഗേജ് പാത
5. ഏറ്റുമാനൂർ - പാല - ശബരി ലിങ്ക് ലൈൻ
6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
7. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെ പറയുന്ന നാലു പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

(സി) റെയിൽ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസമാണ് പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാകാൻ കാരണം എന്നത് പരിഗണിച്ച് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

(സി) റെയിൽവേ അർത്ഥന ലഭ്യമാക്കിയിട്ടുള്ള ഭൂമികൾക്ക് DLFC/SLEC അനുമതി വാങ്ങി യഥാസമയം ഭൂമി റെയിൽവേക്ക് കൈമാറാനും LARR കേസുകളിൽ വിധി വന്ന് 15 ദിവസങ്ങൾക്കകം അനുബന്ധ വിവരങ്ങൾ റെയിൽവേക്ക് നൽകുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ